# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 6425 — 03.04.2018-ലെ മറുപടി

## നദികളിൽ മാലിന്യം നിക്ഷേപിക്കുന്നതിനെതിരെ നടപടി

**ചോദ്യം** — **മറുപടി**

ശ്രീ.വി. അബ്ദുറഹിമാൻ :

മാത്യു ടി. തോമസ്
(ജലവിഭവ വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരളത്തിലെ പുഴകളിലും ജലാശയങ്ങളിലും മറ്റ് ജലസ്രോതസ്സുകളിലും യാതൊരു നിയന്ത്രണവുമില്ലാതെ സ്വകാര്യ ആശുപത്രികൾ, ഫാക്ടറികൾ, ഹോട്ടൽ ഉൾപ്പെടെയുള്ള മറ്റ് സ്ഥാപനങ്ങൾ എന്നിവ മാലിന്യം നിക്ഷേപിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | ഇത്തരത്തിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ നിലവിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നത് വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | പുഴകൾ ഉൾപ്പെടെയുള്ള ജലാശയങ്ങളിലേക്ക് മലിനജലം വിടുന്നവർക്കെതിരെയും മറ്റ് മാലിന്യങ്ങൾ നിക്ഷേപിക്കുന്നവർക്കെതിരെയും വിവിധ നിയമങ്ങൾ പ്രകാരമാണ് നിലവിൽ നടപടി സ്വീകരിക്കുന്നത്. (i) കേരള പഞ്ചായത്തീരാജ് ആക്ട് 1999, (ii) കേരള മുനിസിപ്പാലിറ്റീസ് / നഗരപാലിക ആക്ട്,1994, (iii) കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ട് 2003 (iv) വാട്ടർ (പ്രിവൻഷൻ ആന്റ് കൺട്രോൾ ഓഫ് പൊല്യൂഷൻ ) ആക്ട് , 1974 (സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് മുഖേന) – എന്നീ നിയമങ്ങൾ അനുസരിച്ചുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്. |
| (സി) | ജലാശയങ്ങളിലും മറ്റും മാലിന്യം നിക്ഷേപിക്കുന്നവരെ നിരീക്ഷിക്കുന്നതിനും കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിനും നിർദ്ദേശം | (സി) യും | ജലാശയങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നവരെ കണ്ടെത്തി നിലവിലുള്ള നിയമങ്ങളനുസരിച്ച് വിവിധ ഏജൻസികൾ നടപടികൾ കൈക്കൊള്ളുന്നുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | നൽകുമോ;<br><br>ആവശ്യമായ ഇടങ്ങളിൽ നിരീക്ഷണ ക്യാമറ ഉൾപ്പെടെയുള്ള ആധുനിക സംവിധാനങ്ങൾ സജ്ജീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി)<br><br>യും | ക്യാമറകൾ സ്ഥാപിക്കുന്നതിനും വിവിധ ഏജൻസികളുടെ പങ്കാളിത്തം ആവശ്യമാണ്. |

സെക്ഷൻ ഓഫീസർ